K-DISC
Kerala Development and Innovation Strategic Council

# INNOTRACE

31 മാർച്ച് 2023 | വാല്യം I | ലക്കം 4



## എഡിറ്ററുടെ കുറിപ്പ്



**Dr. P. V. Unnikrishnan**
*Member Secretary, K-DISC*

ഈ വർഷത്തെ ഇന്നൊവേഷൻ ദിനം മാർച്ച് മാസത്തിൽ രണ്ട് ദിവസങ്ങളിലായി കെ–ഡിസ്ക്കിൽ ആഘോഷിച്ചു. ആകസ്മികമെന്ന് പറയട്ടെ ആൽബർട്ട് ഐൻസ്റ്റീൻ, അലക്സാണ്ടർ ഗ്രഹാം ബെൽ എന്നീ മഹാന്മാരായ ഉപജ്ഞാതാക്കളുടെ ജന്മമാസം കൂടിയായിരുന്നു, മാർച്ച് മാസം. മൂന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷം, ഞങ്ങളുടെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്നതിനുള്ള ഒരു വേദിയും ഞങ്ങളുടെ പങ്കാളികളുമായും സഹകാരികളുമായും ബന്ധപ്പെടാനുള്ള അവസരവും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചു. ഞങ്ങളുടെ വിവിധ പരിപാടികളിൽ മികച്ച വിജയം നേടിയവരെ ആദരിക്കാനുള്ള വേദിയുമായി ഇന്നൊവേഷൻ ഡേ.

സാം സന്തോഷിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള ജീനോം ഡാറ്റാ സെന്ററിന്റെയും സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം എന്നീ പദ്ധതികളുടെ ഉദ്ഘാടനം, കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇതിന്റെ ആദ്യദിനം തന്നെ നിർവഹിച്ചു എന്നതായിരുന്നു പരിപാടിയുടെ ആകർഷണീയത. ജീനോമിക് ഡാറ്റയുടെ വൻ സാദ്ധ്യതയെയും നമ്മുടെ സംസ്ഥാനത്തിന്റെ സമ്പന്നമായ ജൈവവൈവിധ്യത്തെയും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ചിരിക്കുന്ന ഈ പുതിയ പദ്ധതികൾ ആരോഗ്യം, കൃഷി, മൃഗസംരക്ഷണം എന്നിവയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കമിടുമെന്ന് ഉറപ്പാണ്.

ആരംഭിച്ചതിന് ശേഷമുള്ള അഞ്ച് വർഷത്തിനുള്ളിൽ, സമൂഹത്തിൽ നല്ല നിലയിലുള്ള മാറ്റം കൊുവരാനുള്ള ത്വരിതശക്തിയായി നൂതനാശയ രൂപീകരണ പ്രക്രിയയെ ഫലപ്രദമായി കെ–ഡിസ്ക് ഉപയോഗിക്കുന്നു. മാലി ദ്വീപിലെ ഐ ട്രിപ്പിൾ ഇഐഎഎസ് ഗ്ലോബൽ കോൺഫറൻസ് ഓൺ റിന്യൂവബിൾ എനർജി ആന്റ് ഹൈഡ്രജൻ ടെക്നോളജീസ് നൽകിയ ഗ്ലോബൽ സസ്റ്റൈനബിൾ അവാർഡ് 2023–ലൂടെയും, കൊച്ചിയിൽ നടന്ന കെഎംഎ–ഐബിഎസ് ഐടി അവാർഡ് 2023–ൽ, മികച്ച ഡിജിറ്റൽ പരിവർത്തനത്തിനുള്ള പ്രത്യേക ജൂറി അവാർഡിലൂടെയും ഈ മാസം ഞങ്ങളെ അംഗീകാരങ്ങൾ തേടിയെത്തി.

ഇന്നവേഷൻ ഡേയുടെ രണ്ടാം ദിവസം പ്രശസ്ത അന്തർദേശീയ–ദേശീയ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും പങ്കെടുത്ത ഒരു ദിവസത്തെ ശാസ്ത്ര സെമിനാർ നടന്നു.

# ഇന്നോവേഷൻ ദിനം 2023

2023 മാർച്ച് 13, 14 തീയതികളിലായി ഇന്നൊവേഷൻ ഡേ–2023, കെ–ഡിസ്ക് ആഘോഷിച്ചു. ഡൊമൈൻ, സാങ്കേതികവിദ്യകൾ സംബന്ധിയായ പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, എന്നിവയ്ക്ക് പുറമെ സ്ഥാപനത്തിന്റെ പ്രധാന പരിപാടികളുടെ പ്രദർശനവും ദ്വിദിന പരിപാടിയിൽ നടന്നു. കെ–ഡിസ്കിന്റെ വിവിധ പ്രവർത്തനങ്ങളിൽ മികച്ച സംഭാവന നൽകിയവരെ ചടങ്ങിൽ ആദരിച്ചു.







മാർച്ച് 13ന് രാവിലെ മാസ്കോട്ട് ഹോട്ടലിൽ നടന്ന ഇന്നൊവേഷൻ ഡേ ആഘോഷചടങ്ങ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 3.0–ന്റെ സംസ്ഥാനതല വിജയികളുടെ ടീമംഗങ്ങളുടെ പേരുകളും അദ്ദേഹം പ്രഖ്യാപിച്ചു. വൈകുന്നേരം നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കെ–ഡിസ്കിന്റെ രണ്ട് പുതിയ പദ്ധതികളായ കേരള ജീനോം ഡാറ്റാ സെന്റർ, സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോംസ് എന്നിവയുടെ പ്രഖ്യാപനം നടത്തി.

അന്താരാഷ്ട്ര തലത്തിൽ നിലവിലുള്ള മാതൃകകൾ പിന്തുടർന്ന് ജീനോം ഡാറ്റ സ്പഷ്ടീകരിച്ച് പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന കേരള ജീനോം ഡാറ്റാ സെന്റർ വൈദ്യശാസ്ത്ര ഗവേഷണത്തിലും ആരോഗ്യ സംരക്ഷണത്തിലും ജനിതക പ്രശ്നങ്ങളുടെ പഠനത്തിലും നിർണായക ചുവടുവെയ്പായി മാറുമെന്നും പ്രാഥമിക മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുമെന്നും, തദവസരത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ഔഷധ നിർമാണ മേഖലയിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന്, ഗവേഷണ സ്ഥാപനങ്ങൾക്കും ബയോടെക് കമ്പനികൾക്കും ഇതിലൂടെ നിർണായക ഡാറ്റകൾ ലഭ്യമാക്കുമെന്നും അദ്ദേഹം പ്രസംഗത്തിൽ കൂട്ടിച്ചേർത്തു.

സിറ്റിസൺ സർവീസ്–വൺ ഡിപ്പാർട്ട്മെന്റ് വൺ ഐഡിയ (സിഎസ്–ഒഡിഒഐ) പരിപാടിയിൽ വിജയികളായ വകുപ്പിനും വ്യക്തിഗത വിജയികൾക്കുമുള്ള അവാർഡുകളും അദ്ദേഹം നൽകി. ജിഎസ്ടി വകുപ്പിലെ ശ്രീ. ഷാഹുൽ ഹമീദാണ് വ്യക്തിഗത വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വ്യവസായ മന്ത്രി ശ്രീ. പി. രാജീവും, സിഎസ്–ഒഡിഒഐ, യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം–4 എന്നീ പരിപാടികളെ പിന്തുണച്ചവർക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. ശ്രീ. സാം സന്തോഷും ഡോ. അമിതാഭ ചൗധരിയും ചേർന്ന് തയ്യാറാക്കിയ, 'ജീനോമിക്സിന്റെ ആമുഖവും കേരള ജീനോം ഡേറ്റ് സെന്റർ സ്ഥാപിക്കലും' എന്ന ലഘുലേഖ വ്യവസായ വകുപ്പ് മന്ത്രി പ്രകാശനം ചെയ്തു.



ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ, തിരുവനന്തപുരം കോർപ്പറേഷൻ മേയർ ശ്രീമതി ആര്യ രാജേന്ദ്രൻ, കെ–ഡിസ്ക് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ഡോ. കെ. എം. എബ്രഹാം, കെ–ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി. വി. ഉണ്ണിക്കൃഷ്ണൻ, കെ–ഡിസ്ക് മാനേജ്മെന്റ് സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി സജിത പി. പി, കെ–ഡിസ്ക് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. എസ്. സുരേഷ് കുമാർ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ ശ്രീ. അനൂപ് അംബിക, ഐസിടി അക്കാദമി ഓഫ് കേരള സിഇഒ ശ്രീ. സന്തോഷ് കുറുപ്പ് എന്നിവർ തദവസരത്തിൽ സംസാരിച്ചു.




'5ജി മുതൽ 6ജി വരെ – ഇന്ത്യയ്ക്കുള്ള അവസരങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തിൽ ഡോ. കിരൺ കുമാർ കുച്ചി (പ്രൊഫസർ– ഐഐടി ഹൈദരാബാദ്), നടത്തിയ മുഖ്യപ്രഭാഷണവും, ഡോ. സജി ഗോപിനാഥ് (വൈസ് ചാൻസലർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള) നയിച്ച 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് – സമൂഹത്തിലും ഭരണത്തിലുമുള്ള സ്വാധീനം' എന്ന വിഷയത്തിൽ പാനൽ ചർച്ചയും 13–ന് നടന്ന മറ്റ് പരിപാടികളിൽ ഉൾപ്പെടുന്നു. ശ്രീ. മുഹമ്മദ് വൈ സഫറുള്ള ഐഎഎസ്, ഒഎസ്ഡി, ഫൈനാൻസ് (റിസോഴ്സ്) ഡിപ്പാർട്ട്മെന്റ്; ശ്രീ. എൻ. സുബ്രഹ്മണ്യൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, സൊസൈറ്റി ഫോർ ഇലക്ട്രോണിക് ട്രാൻസാക്ഷൻസ് ആന്റ് സെക്യൂരിറ്റി, ചെന്നൈ); ശ്രീ. ജിത്തു ജോസഫ് (എന്റർപ്രൈസ് ആർക്കിടെക്റ്റ്, ടിസിഎസ്) എന്നിവർ പാനലിലെ അംഗങ്ങളായിരുന്നു. കേരള മെഡിക്കൽ ടെക്നോളജീസ് കൺസോർഷ്യം സ്പെഷ്യൽ ഓഫീസർ ശ്രീ. സി. പത്മകുമാർ കെ.എം.ടി.സി.യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ കുറിച്ച് അവതരണം നടത്തി. ഡോ. അരുൺ സുരേന്ദ്രൻ (പ്രിൻസിപ്പൽ, ട്രിനിറ്റി കോളേജ് ഓഫ് എൻജിനീയറിങ്) മോഡറേറ്ററായി നടന്ന കേരള നോളജ് എക്കണോമി മിഷനെക്കുറിച്ചുള്ള ചർച്ചയിൽ ഡോ. ശ്രീകല പി. എസ്. (ഡയറക്ടർ, നോളജ് എക്കണോമി മിഷൻ); ഡോ. സി. മധുസൂദനൻ (ഡയറക്ടർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ); ശ്രീ. സന്തോഷ് കുറുപ്പ് (ഐസിടി അക്കാദമി ഓഫ് കേരള സിഇഒ) എന്നിവർ പങ്കെടുത്തു. ഐടിഐ സ്കിൽസ് ചലഞ്ച് ഫോർ യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം എന്ന വിഷയത്തിലെ ചർച്ച കൂടി ഡോ. അരുൺ നയിച്ചു, ഇതേ പരിപാടിയിലെ സ്ഥാപന പങ്കാളികളുമായി ശ്രീ. ബിജു പരമേശ്വരൻ ഒരു തുറന്ന ചർച്ചയ്ക് തുടക്കം കുറിച്ചു.

അന്നേ ദിവസം നടന്ന എൽഎസ്ജിഐ കൊഹോർട്ട് 2 എന്ന ശില്പശാലയിൽ പഞ്ചായത്തുകളിൽ നിന്നുള്ള പങ്കാളിത്തം കൂടാതെ, ഒരു തദ്ദേശസ്വയം ഭരണസ്ഥാപനം, – ഒരു ആശയം എന്ന പരിപാടിയിലെ ടീമും പങ്കെടുത്തു. 2023 ഓഗസ്റ്റ് മാസം നടക്കുന്ന ഫ്രീഡം ഫെസ്റ്റ്–2023 എന്ന പരിപാടിയെ കുറിച്ച് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സിഇഒ ശ്രീ. അൻവർ സാദത്ത് പ്രഭാഷണം നടത്തി. സോഷ്യൽ ഇൻക്ലൂഷൻ ടീമിന്റെ വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളോടെയാണ് വൈകുന്നേരം അരങ്ങേറിയത്.














ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ, ശ്രീ. വി. കെ. പ്രശാന്ത് എംഎൽഎ, ഡോ. കെ. എം. എബ്രഹാം, ഡോ. പി. വി. ഉണ്ണികൃഷ്ണൻ, ശ്രീ. ബിജു പരമേശ്വരൻ, വൈഐപി പ്രോഗ്രാം എക്സിക്യൂട്ടീവുകൾ, സംസ്ഥാനതല വിജയികൾ എന്നിവർ.

## അവാർഡ് വിതരണം:
## സിറ്റിസൺ സർവീസ് – ഒരു വകുപ്പ് ഒരു ആശയം (സിഎസ്-ഒഡിഒഐ)



## യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം






**പ്രഖ്യാപനം:** കേരള ജീനോം ഡാറ്റാ സെന്റർ (കെജിഡിസി), സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോംസ്

**മുഖ്യ പ്രഭാഷണം:** 'എമർജിംഗ് ടെക്നോളജീസ്' –'5ജി മുതൽ 6ജി വരെ – ഇന്ത്യയ്ക്കുള്ള അവസരങ്ങളും വെല്ലുവിളികളും'






## പാനൽ ചർച്ച: 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് – സമൂഹത്തിലും ഭരണത്തിലുമുള്ള സ്വാധീനം'.




'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് – സമൂഹത്തിലും ഭരണത്തിലുമുള്ള സ്വാധീനം' എന്ന വിഷയത്തെക്കുറിച്ചുള്ള പാനൽ ചർച്ചയിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള, വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് മോഡറേറ്ററായി. ശ്രീ. മുഹമ്മദ് വൈ സഫറുള്ള ഐഎഎസ്, ഒഎസ്ഡി, ഫൈനാൻസ് (റിസോഴ്സ്) ഡിപ്പാർട്ട്മെന്റ്; ശ്രീ. എൻ. സുബ്രഹ്മണ്യൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, സൊസൈറ്റി ഫോർ ഇലക്ട്രോണിക് ട്രാൻസാക്ഷൻസ് ആന്റ് സെക്യൂരിറ്റി, ചെന്നൈ); ശ്രീ. ജിത്തു ജോസഫ് (എന്റർപ്രൈസ് ആർക്കിടെക്റ്റ്, ടിസിഎസ്) എന്നിവരായിരുന്നു പാനലിലെ അംഗങ്ങൾ.






## കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തെ (കെഎംടിസി) കുറിച്ച് ഒരു പാനൽ ചർച്ച: കെഎംടിസി സ്പെഷ്യൽ ഓഫീസർ ശ്രീ. സി. പത്മകുമാർ

## പാനൽ ചർച്ച: കേരള നോളജ് എക്കോണമി മിഷൻ (കെകെഇഎം)





ട്രിനിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പൽ ഡോ. അരുൺ സുരേന്ദ്രൻ, കെകെഇഎം കോർ ഗ്രൂപ്പ് അംഗം, പാനൽ ചർച്ച നിയന്ത്രിച്ചു. കെകെഇഎം ഡയറക്ടർ ഡോ. ശ്രീകല പി.എസ്, ശ്രീ. സന്തോഷ് കുറുപ്പ്, സി.ഇ.ഒ., ഐസിടി അക്കാദമി എന്നിവരായിരുന്നു പാനൽ അംഗങ്ങൾ.






## വൈഐപി ചർച്ച – കേരളാ സ്കിൽസ്റ്റാഴ്സ് ചലഞ്ച്




ഫ്രീഡം ഫെസ്റ്റ് 2023നെ കുറിച്ച് പ്രഭാഷണം – കൈറ്റ് സിഇഒ ശ്രീ. അൻവർ സാദത്ത്




ഒരു ജില്ല ഒരു ആശയം (ഒഡിഐഐ)













ഒരു തദ്ദേശസ്വയം
ഭരണസ്ഥാപനം
ഒരു ആശയം (ഒഎൽഒഐ) –
ശിൽപശാല

## സോഷ്യൽ ഇൻക്ലൂഷൻ ടീമിന്റെ സാംസ്കാരിക പരിപാടി













## കേരള ജീനോം ഡാറ്റാ സെന്റർ (കെജിഡിസി) ശാസ്ത്ര സെമിനാർ

14 മാർച്ച് 2023




2023 മാർച്ച് 14-ന് ഹോട്ടൽ ഹൈസിന്തിൽ വെച്ച് നടന്ന കേരള ജീനോം ഡാറ്റാ സെന്ററിനെ (കെജിഡിസി) കുറിച്ചുള്ള ഒരു ദിവസത്തെ ശാസ്ത്ര സെമിനാറിന്റെ രൂപത്തിലാണ് ഇന്നൊവേഷൻ ഡേ-2023ന്റെ രണ്ടാം ദിവസത്തെ പരിപാടി നടന്നത്.

ഡോ. അച്യുത്ശങ്കർ എസ്. നായർ, ഡോ. ജെഫ് വാൾ, ഡോ. രമേഷ് ഹരിഹരൻ, ഡോ. സാബു തോമസ്, ഡോ. സി. രാംചന്ദ്, ഡോ. വിനോദ് സ്കറിയ തുടങ്ങിയ പ്രമുഖർ പങ്കെടുത്ത സെമിനാറിൽ, ബയോ ഇൻഫോർമാറ്റിക്സ്, ഡാറ്റാ സെന്റർ ഡിസൈൻ, ടൂൾസ് & എഐ, അഗ്രികൾച്ചറൽ ജെനോമിക്സ്, മൈക്രോബയോം @ വൺ ഹെൽത്ത്, അനിമൽ @ അക്വാറ്റിക് ഹെൽത്ത്, ഏൻഷ്യന്റ് ഡിഎൻഎ എന്നീ മേഖലകളിൽ ദേശീയ അന്തർദേശീയ വിദഗ്ധരുടെ പ്രബന്ധാവതരണവും സജീവമായ ചർച്ചകളും നടന്നു. സമാപന യോഗത്തിൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ശ്രീമതി. വീണാ ജോർജ് പ്രഭാഷണം നടത്തി.

## കൊച്ചി രാജഗിരി കോളേജിൽ നടന്ന ഐഇഡിസി ഉച്ചകോടിയിൽ വൈഐപി പ്രദർശനം (2023 മാർച്ച് 4)








**കെ-ഡിസ്കിൽ വനിതാ ദിനാഘോഷം**

വനിതാ ദിനാചരണത്തോടനുബന്ധിച്ച്, കെ-ഡിസ്ക് ഇന്നവേഷൻ ടവറിൽ സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററും വെൻഡിംഗ് മെഷീനും സ്ഥാപിച്ചു, തുടർന്ന് വനിതാ ജീവനക്കാർ കേക്ക് മുറിച്ച് വനിതാ ദിനം ആഘോഷിച്ചു.



ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കെ-ഡിസ്കിന്റെ മൂന്നാം ഗവേണിംഗ് ബോഡി



യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം 4.0-ന്റെ ഭാഗമായി ജില്ലയിൽ ഏറ്റവും കൂടുതൽ ആശയങ്ങൾ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സാബു തോമസ് പ്രശംസാപത്രം നൽകുന്നു.



മഞ്ചാടി, മഴവില്ല് പദ്ധതിയുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമായി കെ-ഡിസ്ക് നടത്തിയ കൂടിക്കാഴ്ച.



ദേശീയ കോൺക്ലേവ് 2023 ന്റെ രണ്ടാം ദിനം (മോഡൽ ഡേ) പാലക്കാട് ലീഡ് കോളേജിൽ മെമ്പർ സെക്രട്ടറി ഡോ. പി. വി. ഉണ്ണികൃഷ്ണൻ ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്യുന്നു.



വൈ.ഐ.പി. ശില്പശാല




കൊച്ചിയിൽ നടന്ന കേരള മാനേജ്മെന്റ് അസോസിയേഷൻ അവാർഡ് നൈറ്റിൽ മികച്ച ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ വിഭാഗത്തിൽ കെ-ഡിസ്കിനുള്ള പ്രത്യേക ജൂറി അവാർഡ്, ഡോ. പി. വി. ഉണ്ണിക്കൃഷ്ണനും വൈ.ഐ.പി മാനേജർമാരായ ബിജു പരമേശ്വരനും ബാല സുബ്രഹ്മണ്യനും ചേർന്ന് ഏറ്റുവാങ്ങി.



മാലിദ്വീപിൽ വെച്ച് നടന്ന, ഐ ട്രിപ്പിൾ ഇ ഐഎഎസ് ഗ്ലോബൽ കോൺഫറൻസ് ഓൺ റിന്യൂവബിൾ എനർജി ആന്റ് ഹൈഡ്രജൻ ടെക്നോളജീസ്-2023ൽ, ഫെഡറേഷൻ യൂണിവേഴ്സിറ്റി-ഓസ്ട്രേലിയ, ഡെപ്യൂട്ടി വൈസ് ചാൻസലർ പ്രൊഫ. സയ്യിദ് ഇസ്‌ലാമിൽ നിന്ന് കെ-ഡിസ്കിന് വേി ആഗോള സുസ്ഥിര വികസന അവാർഡ്, പ്രോഗ്രാം കൺസൾട്ടന്റ് ഡോ. എ. അശോക് കുമാർ സ്വീകരിക്കുന്നു.



കെ-ഡിസ്കിന്റെ ആറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

# മഴവില്ല്

## ശില്പശാല 17, 18, 19 മാർച്ച് 2023



'മഴവില്ല് – കേരളത്തിന് വേണ്ടി ശാസ്ത്രം പഠിപ്പിക്കുക' പരിപാടിയുടെ മൂന്നാമത് ശിൽപശാല പാലക്കാട് ഐആർടിസിയിൽ 2023 മാർച്ച് 17, 18, 19 തീയതികളിൽ നടന്നു. പ്രൊഫസർ പി. കെ. രവീന്ദ്രൻ ശിൽപശാല പരിചയപ്പെടുത്തി. മഴവില്ലിന്റെ നിലവിലെ ഘട്ടങ്ങളും ഭാവി പരിപാടികളും ചർച്ച ചെയ്തു. കെ–ഡിസ്ക് പ്രതിനിധി എ. ഷാജി, മഴവില്ല് സംസ്ഥാന കോഓർഡിനേറ്റർ കെ. കെ. ശിവദാസൻ എന്നിവർ മഴവില്ല് തീമുകളുടെ സംയോജനത്തെക്കുറിച്ചും പദ്ധതിയുടെ ഭാവിയെക്കുറിച്ചും, ആശങ്കകളെക്കുറിച്ചും മഞ്ചാടി നേരിടുന്ന പ്രശ്നങ്ങളെ ക്കുറിച്ചും വിശദീകരിച്ചു.

മഴവില്ലിന്റെ അഞ്ച് പ്രതിപാദ്യ വിഷയങ്ങൾ സമന്വയിപ്പിച്ച് അന്തിമരൂപം നൽകണമെന്ന് നിർദേശിച്ചു. അന്തിമ രൂപം എസ്സിഇആർടി–ക്ക് സമർപ്പിക്കേതിനാൽ ശില്പശാലയിലെ ചർച്ചകൾ ഇതിനായി ഉപയോഗിക്കണമെന്നും കൂട്ടിച്ചേർത്തു. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ (എംആർഎസ്) പോകുന്നതിന് മുമ്പ് ചെയ്യേുന്ന ഒരുക്കങ്ങളും മഴവില്ലിന്റെ നിലവിലെ കൂടാരങ്ങൾ നിലനിർത്തേതിന്റെ ആവശ്യകതയും ടി. വി. സജീവ് പങ്കുവച്ചു. കെ–ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി. വി. ഉണ്ണികൃഷ്ണൻ ഓൺലൈനിൽ പങ്കെടുത്ത് പദ്ധതിയുടെ ഭാവിയെക്കുറിച്ചും ഇത് എംആർഎസിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ പ്രായോഗികതയെക്കുറിച്ചും സംസാരിച്ചു. ഓരോ പ്രതിപാദ്യ വിഷയത്തെ കുറിച്ചും, മറ്റ് വിഷയങ്ങളുമായി ഓരോന്നും സംയോജിപ്പിക്കുന്നതിനെ കുറിച്ചുമുള്ള ചർച്ചകൾ തുടർന്നുള്ള ദിവസങ്ങളിൽ നടന്നു.

## 2022 ലെ ഭൗതികശാസ്ത്ര നോബൽ സമ്മാനത്തെക്കുറിച്ചുള്ള ഒരു ചർച്ച

### 'മഴവില്ല് – കേരളത്തിന് വേണ്ടി ശാസ്ത്രം പഠിപ്പിക്കുക' ശില്പശാല, ഐആർടിസി പാലക്കാട്

17 മാർച്ച് 2023

*'ആരും ക്വാണ്ടം മെക്കാനിക്സ് മനസ്സിലാക്കുന്നില്ല എന്ന് നമുക്ക് നിശ്ചയമായും അനുമാനിക്കാമെന്ന് ഞാൻ കരുതുന്നു,' എന്നിട്ടും മനുഷ്യരാശി ഇതു വരെ ഉണ്ടാക്കിയിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരവും കൃത്യവുമായ സിദ്ധാന്തമാണിത്: പ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ റിച്ചാർഡ് പി. ഫെയ്ൻമാൻ പറഞ്ഞു.*

'ബെൽ അസമത്വങ്ങളുടെ ലംഘനം സ്ഥാപിച്ചും, ക്വാണ്ടം വിവര ശാസ്ത്രത്തിന് വഴിയൊരുക്കിയും കെട്ടുപിണഞ്ഞ് കിടക്കുന്ന ഫോട്ടോണുകളുമായുള്ള പരീക്ഷണങ്ങൾ' എന്നതിലാണ്, 2022 ലെ ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം അലൈൻ ആസ്പെക്റ്റ്, ജോൺ എഫ്. ക്ലോസർ, ആന്റൺ സെയ്‌ലിംഗർ എന്നിവർക്ക് സംയുക്തമായി നൽകിയത്. ഇത് സങ്കീർണ്ണമാണെന്ന് തോന്നുമെങ്കിലും അത് മനസ്സിലാക്കാൻ അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. വിഷയം മനസിലാക്കാൻ, ബെൽ പറഞ്ഞ അസമത്വത്തെക്കുറിച്ചുള്ള ആശയവും, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ അത് എങ്ങനെ ബാധിക്കുന്നുവെന്നും മനസ്സിലാക്കണം.






എന്നെപ്പോലുള്ള മനസ്സുകൾക്ക് ജോൺ സ്റ്റുവർട്ട് ബെൽ എക്കാലത്തും ഒരു പ്രചോദനമാണ്, അദ്ദേഹത്തിന്റെ സിദ്ധാന്തം പ്രസംഗിക്കുന്നത് ഒരു ബഹുമതിയുമാണ്. മുണ്ടൂരിലെ ഐആർടിസിയിൽ (17 മാർച്ച് 2023) നടന്ന 'മഴവില്ല് – കേരളത്തിന് വേണ്ടി ശാസ്ത്രം പഠിപ്പിക്കുക' എന്ന ശിൽപശാലയിൽ, ബെല്ലിന്റെ അസമത്വത്തെയും യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അതിന്റെ അനന്തരഫലങ്ങളെയും കുറിച്ചുള്ള ആശയം അവതരിപ്പിക്കാൻ എനിക്ക് അവസരം ലഭിച്ചു.

'എന്നോട് പറയൂ, ഞാൻ മറക്കുന്നു. എന്നെ പഠിപ്പിക്കൂ, ഞാൻ ഓർക്കുന്നു. എന്നെ ഉൾപ്പെടുത്തൂ, ഞാൻ പഠിക്കുന്നു.' പങ്കാളിത്തത്തിലൂടെയും അനുഭവത്തിലൂടെയും പഠിക്കുക എന്നതാണ് ഏറ്റവും നല്ല മാർഗം, അതാണ് എന്റെ മുദ്രാവാക്യം. ഇതൊരു വിപുലമായ വിഷയമായതിനാൽ, ഗണിതശാസ്ത്രം അവതരിപ്പിക്കുന്നത് വിശദീകരിക്കാനുള്ള ഫലപ്രദമായ മാർഗമായിരിക്കില്ല. പകരം, നമ്മൾ ചിന്താ പരീക്ഷണങ്ങളുടെ ഒരു പരമ്പരയിലൂടെ കടന്ന് പോയി, ദൈനംദിന ജീവിതത്തിൽ നാം ചെയ്യുന്ന ലളിതമായ പ്രായോഗിക കാര്യങ്ങളുമായി ബന്ധിപ്പിച്ച് എല്ലാവർക്കും ആശയങ്ങൾ സ്വയം മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ കാര്യങ്ങൾ ലളിതമാക്കി.



ആശയം വിശദീകരിക്കുന്നതിനായി, ഞങ്ങൾ ക്വാണ്ടം മെക്കാനിക്സിന്റെ ചില അടിസ്ഥാന തത്വങ്ങൾ, ഹൈസൻബർഗിന്റെ അനിശ്ചിതത്വ തത്വം, സൂപ്പർപോസിഷൻ തത്വം, ക്വാണ്ടം എൻടാംഗിൾമെന്റ്, കോപ്പൻഹേഗൻ വ്യാഖ്യാനം എന്നിവയിലൂടെ കടന്ന് പോയി. അടിസ്ഥാനകാര്യങ്ങൾ സജ്ജീകരിച്ച്, ഞങ്ങൾ ബെല്ലിന്റെ അസമത്വത്തെക്കുറിച്ച് ചർച്ച ചെയ്തു. ജോൺ ബെല്ലിന്റെ പ്രതിഭ എല്ലാവർക്കും പ്രകടമാകുന്നതിന് മുമ്പ് ഒരു മണിക്കൂർ ചിന്തോദ്ദീപകമായ പരീക്ഷണങ്ങളും ചർച്ചകളും വേണ്ടി വന്നു, യാഥാർത്ഥ്യത്തിന്റെ സ്വഭാവത്തെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റൈനും നീൽസ് ബോറും തമ്മിലുള്ള പണ്ട് കാലത്തെ തർക്കം അദ്ദേഹം എങ്ങനെ പരിഹരിച്ചു എന്ന ചോദ്യം വ്യക്തമായിരുന്നു. 2022–ലെ ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനത്തിലേക്ക് നയിച്ച പരീക്ഷണാത്മക പരിശോധന മനസ്സിലാക്കാൻ ഇത് ഞങ്ങളെ സഹായിച്ചു.

ഞങ്ങൾ ആദ്യം മുതൽ ഈ രസകരമായ പഠനം ആരംഭിച്ചു, എന്നാൽ അതിന്റെ അവസാനം ക്വാണ്ടം മെക്കാനിക്സിന്റെ ഏറ്റവും വിപുലമായ തത്വങ്ങളിലൊന്ന് ഞങ്ങൾ മനസ്സിലാക്കി. എന്നാൽ ഗണിതശാസ്ത്രപരമായ വശം കൂടാതെ ധാരണ അപൂർണ്ണമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഈ യാത്രയുടെ അടുത്ത ഘട്ടം അതിന്റെ പിന്നിലെ ഗണിതശാസ്ത്രത്തെ എല്ലാവർക്കും പരിചയപ്പെടുത്തുക എന്നതാണ്.

# മഞ്ചാടി

മാർച്ച് മാസത്തിൽ, എല്ലാ എംആർഎസുകളിലും മഞ്ചാടി വിദ്യാർത്ഥികൾക്കുള്ള അവസാന തല മൂല്യനിർണയം നടത്തി. സംഖ്യാബോധം, അളവ്, ഭിന്ന സംഖ്യ എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു വിലയിരുത്തൽ. പ്രോഗ്രാം എക്സിക്യൂട്ടീവുകൾ, മദർ ആനി മേറ്റർമാർ, വോളന്റിയർമാർ എന്നിവർക്ക് സഹായകരമാകുന്ന ചില പഠനങ്ങൾ ശേഖരിക്കുന്നതിനാണ് മൂല്യനിർണയം നടത്തിയത്, ഇതിനായി റിസോഴ്സ് ടീമിന്റെ പിന്തുണയോടെ ഘടകം ഇ-യുടെ അടിസ്ഥാനത്തിൽ പരിശീലനവും പ്രകടന ക്ലാസുകളും ക്രമീകരിച്ചു.



ഘടകം 1-ന് ആവശ്യമായ മാതൃകാ വിലയിരുത്തലും പരിശീലനവും 2023 ഫെബ്രുവരി 21, 22 തീയതികളിൽ കണ്ണൂരിലെ എംആർഎസ് പട്ടുവത്ത് വെച്ച് നടത്തി. മദർ ആനിമേറ്റർമാരും വോളന്റിയർമാരും, പ്രോഗ്രാം എക്സിക്യൂട്ടീവ് സൗമ്യ, റിസോഴ്സ് ടീം അംഗങ്ങളായ ഉഷാ മേനോൻ, അമൃത, അഖില, അക്ഷയ, ലിൻഡ എന്നിവർ 2 ദിവസങ്ങളിലെ പരിപാടിയിൽ പങ്കെടുത്തു.



ഘടകം 2-ന് ആവശ്യമായ മാതൃകാ വിലയിരുത്തലും പരിശീലനവും 2023 ഫെബ്രുവരി 24, 25 തീയതികളിൽ വയനാട്ടിലെ എംആർഎസ് നല്ലൂർനാട്ടിൽ വെച്ച് നടത്തി. മദർ ആനിമേറ്റർമാരും വോളിയർമാരും, പ്രോഗ്രാം എക്സിക്യൂട്ടീവ്മാരായ ജാനകി രാമൻ, രമ്യ, റിസോഴ്സ് ടീം അംഗങ്ങളായ അമൃത, ലിൻഡ എന്നിവർ 2 ദിവസങ്ങളിലെ പരിപാടിയിൽ പങ്കെടുത്തു.



2023 ഫെബ്രുവരി 27-ന് തിരുവനന്തപുരത്തെ എംആർഎസ് കട്ടേലയിൽ വെച്ച് ഘടകം 3ന്റെ വിലയിരുത്തലും പരിശീലനവും നടത്തി. എംആർഎസ് കട്ടേലയിലെ മദർ ആനിമേറ്റർമാരും വോളിയർമാരും, പ്രോഗ്രാം എക്സിക്യൂട്ടീവുമാരായ ഷഹ്ന (തിരുവനന്തപുരം), വിശാഖ് (ആലപ്പുഴ), മഹാലക്ഷ്മി (കൊല്ലം), ഷെറീന (പത്തനംതിട്ട) ശ്രീദേവി (പാലക്കാട്), റിസോഴ്സ് ടീം അംഗങ്ങളായ അമൃത, ലിൻഡ എന്നിവർ സെഷനിൽ പങ്കെടുത്തു. മഞ്ചാടി ക്ലാസുകൾക്ക് ശേഷം ഓരോ പ്രവർത്തനത്തിന്റെയും നിരീക്ഷണങ്ങൾ വിശദമായി ചർച്ച ചെയ്തു.



ഘടകം 4ന്റെ മാതൃകാ വിലയിരുത്തലും പരിശീലനവും 2023 ഫെബ്രുവരി 28-ന് എംആർഎസ് കട്ടേല തിരുവനന്തപുരത്ത് വെച്ച് നടത്തി. എംആർഎസ് കട്ടേലയിലെ മദർ ആനിമേറ്റർമാരും വോളന്റിയർമാരും, പ്രോഗ്രാം എക്സിക്യൂട്ടീവുമാരായ ഷഹ്ന (തിരുവനന്തപുരം), അശ്വതി (എറണാകുളം), ലിബിൻ (ഇടുക്കി), അരുൺ റോയ് (തൃശൂർ) ഒപ്പം റിസോഴ്സ് ടീം അംഗങ്ങളായ അമൃത, ലിൻഡ എന്നിവർ സെഷനിൽ പങ്കെടുത്തു.

# വിദ്യാർഥികൾക്കുള്ള അവസാനഘട്ട മൂല്യനിർണ്ണയം

100 വരെയുള്ള സംഖ്യകളെക്കുറിച്ചുള്ള ധാരണ അറിയാൻ വിദ്യാർത്ഥികൾക്കിടയിൽ പ്രവർത്തനാധിഷ്ഠിത മൂല്യ നിർണ്ണയം നടത്തി. മൂന്ന് തലങ്ങളിലായാണ് പ്രവർത്തനം ആസൂത്രണം ചെയ്തത്. ഒന്നം തലം എളുപ്പത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞ കുട്ടികളെ രണ്ടാം തലത്തിലേയ്ക്കും തുടർന്ന് മൂന്നാം തലത്തിലേക്കും മുന്നോട്ട് പോകാനായി തിരഞ്ഞെടുത്തു.

അതുപോലെ, അളവുകളെ കുറിച്ച് സമഗ്രമായ അറിവുള്ള വിദ്യാർത്ഥികളെ ഒരു പ്രത്യേക പ്രവർത്തനത്തിന്റെ സഹായ ത്തോടെ വിലയിരുത്തി, അതിൽ യാതൊരു അളവ് ഉപകരണങ്ങളുടെയും സഹായമില്ലാതെ, വിദ്യാർത്ഥികൾ 20 സെന്റീ മീറ്റർ, 10 സെന്റീ മീറ്റർ & 15 സെന്റീ മീറ്റർ എന്നിങ്ങനെ വശ അളവുകളുള്ള ഒരു ത്രികോണം നിർമ്മിച്ചു. ഒരു ത്രികോ ണത്തിന്റെ ചുറ്റളവ് അടിസ്ഥാനമാക്കിയ കൂടുതൽ തുടർനടപടികൾ ഏറ്റെടുത്ത് നടത്തി. ഭിന്നസംഖ്യ എന്ന ആശയത്തിനായി ഒരു അഭിമുഖ മാതൃകയിലൂടെ വിലയി രുത്തൽ നടത്തി, അതിൽ വിദ്യാർത്ഥികൾക്ക് അവർ പഠിച്ച ആശയങ്ങൾ പ്രയോഗിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഉൾപ്പെട്ടിരുന്നു.

മാർച്ച് അവസാനത്തോടെ, എല്ലാ എംആർഎസുകളിലെയും ഓരോ വിദ്യാർത്ഥിയുടെയും വിശദമായ മൂല്യനിർണ്ണയ റിപ്പോർട്ട് പ്രസക്തമായ വീഡിയോകളും ഫോട്ടോഗ്രാഫുകളു മായി, അനുബന്ധപ്പെട്ട മദർ ആനിമേറ്റർമാരുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ തയ്യാറാക്കി. ഈ മൂല്യനിർണ്ണയ പ്രവർത്തനങ്ങളിലൂടെ, ക്ലാസ്റൂമിലെ ദൈനംദിന നിരീക്ഷണത്തോടൊപ്പം വിവിധ ഗണിതശാസ്ത്ര ആശയ ങ്ങളിൽ വിദ്യാർത്ഥിക്കുള്ള ധാരണയുടെ നിലവാരം വിലയി രുത്താൻ നമുക്ക് കഴിഞ്ഞു.





മൂല്യനിർണയ പ്രക്രിയയിൽ വിദ്യാർത്ഥികൾ സംഖ്യകൾ അറിയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.





ഭിന്നസംഖ്യകളെക്കുറിച്ചുള്ള അന്തിമ മൂല്യനിർണ്ണയ സമയത്ത് വിദ്യാർത്ഥികളുമായുള്ള അഭിമുഖം





അവസാന തല മൂല്യനിർണ്ണയത്തിൽ അളവെടുപ്പ് പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ ഇടപെടൽ

# കേരള നോളജ് എക്കണോമി മിഷൻ (കെകെഇഎം)




**'തൊഴിലരങ്ങത്തേക്ക്'**
**സംസ്ഥാനവ്യാപകമായി ജില്ലാതല തൊഴിൽ മേളകൾ**

വിദ്യാസമ്പന്നരായ സ്ത്രീകൾ, തൊഴിലിൽ മുടക്കം വന്നവർ, വിദ്യാർത്ഥിനികളും സംസ്ഥാനത്തെ വിവിധ സർവകലാ ശാലകളിൽ നിന്നുള്ള അവസാന വർഷ/പൂർവ്വ വിദ്യാർത്ഥി കളും, കുടുംബശ്രീ മുഖേനയും എംപ്ലോയ്മെന്റ് ഓഫീസർമാർ മുഖേനയും രജിസ്റ്റർ ചെയ്യുന്നവർ എന്നിവരെ സഹായിക്കുന്ന തിന് 'തൊഴിലരങ്ങത്തേക്ക്' എന്ന പേരിൽ വ്യവസ്ഥാപിതവും ഏവരെയും ഉൾക്കൊള്ളുന്നതുമായ ഒരു പുതിയ പദ്ധതി കേരള നോളജ് എക്കണോമി മിഷൻ അവതരിപ്പിച്ചു.

2023 ഫെബ്രുവരി–മാർച്ച് മാസങ്ങളിൽ സംസ്ഥാനമൊട്ടാകെ പതിനാല് ജില്ലകളിലും തൊഴിൽമേളകൾ നടത്തി. ഐസിടി അക്കാദമി ഓഫ് കേരളയുടെ പിന്തുണയോടെ കേരള നോളജ് എക്കണോമി മിഷൻ കേരളത്തിലെമ്പാടും സ്ത്രീകൾ ക്കായും ജോബ് ഫെയറുകൾ സംഘടിപ്പിച്ചു. ഈ മേളകൾ കേരളമൊട്ടാകെ ഫലപ്രദമായി നടപ്പിലാക്കുന്നതിന്, ജില്ലാ പ്രോഗ്രാം മാനേജർമാർ തൊഴിൽ മേളകളെ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്തു. 'തൊഴിലരങ്ങത്തേക്ക്' എന്ന തൊഴിൽ മേളകളിൽ എല്ലാ ജില്ലകളിലും വളരെ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ജോബ് ഫെയറിൽ ഇന്റർവ്യൂ നടത്തിയ കമ്പനികൾ 8652 സ്ത്രീകളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി. തൊഴിലുടമകൾ നേരിട്ടും ഫലപ്രദമായും, മേള നടന്ന ഇടങ്ങളിൽ അഭിമുഖങ്ങൾ ക്രമീകരിച്ചു.

നിലവിലെ സാഹചര്യത്തിൽ, സ്ത്രീകൾ നേരിടുന്ന പ്രധാന തടസ്സങ്ങളിലൊന്ന് സ്വന്തം പ്രദേശത്തോ ജില്ലയിലോ അനുയോജ്യമായ ജോലികൾ ലഭ്യമല്ലാത്തതാണ്. വ്യക്തിപരവും സാമൂഹികവുമായ കാരണങ്ങളാൽ സ്ത്രീകൾക്ക് സ്വന്തം ജില്ലയ്ക്ക് പുറത്തേക്ക് പോയി ജോലി ചെയ്യാനും കഴിയുന്നില്ല. കേരള നോളജ് എക്കണോമി മിഷൻ മുൻകയ്യെടുത്ത്, ഈ തൊഴിൽ മേളകളിൽ പ്രാദേശിക തൊഴിലുടമകളെ പങ്കെടുപ്പിക്കുവാൻ ശ്രമിച്ചു, അതിലൂടെ 'തൊഴിലരങ്ങത്തേക്ക്' എന്ന ഈ തൊഴിൽ മേളകളിലേക്ക് കൂടുതൽ സ്ത്രീകൾ ആകർഷിക്കപ്പെട്ടു.

ആദിത്യ ബിർള, പ്രീതി സിൽക്സ്, സ്ക്രെൽ ഇൻഫോ പ്രൈവറ്റ് ലിമിറ്റഡ്, ആയുർ ഹെർബോ കെയർ, ഫ്രോസ്റ്റീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ലൈഫ്, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങളാണ് തൊഴിൽ മേളയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നൽകിയത്.






# കേരളത്തിലുടനീളം തിരഞ്ഞെടുത്ത് ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടവരുടെ സ്റ്റാറ്റസ്

| നമ്പർ | വേദി & ജില്ല | തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥി കളുടെ എണ്ണം | ചുരുക്കപ്പട്ടികയിലെ ഉദ്യോഗാർത്ഥി കളുടെ എണ്ണം |
|---|---|---|---|
| 1 | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, മീഞ്ചന്ത, കോഴിക്കോട് | 86 | 482 |
| 2 | ഗവണ്മെന്റ് കോളേജ്, മലപ്പുറം | 98 | 714 |
| 3 | ശ്രീ നിത്യാനന്ദ പോളിടെക്നിക് കാഞ്ഞങ്ങാട്, കാസർകോട് | 69 | 359 |
| 4 | ഗവണ്മെന്റ് കോളേജ്, കട്ടപ്പന, ഇടുക്കി | 32 | 158 |
| 5 | ശ്രീ കേരള വർമ്മ കോളേജ്, തൃശൂർ | 253 | 793 |
| 6 | ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, നാട്ടകം, കോട്ടയം | 320 | 517 |
| 7 | ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, എറണാകുളം | 71 | 481 |
| 8 | ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് | 176 | 911 |
| 9 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര | 41 | 370 |
| 10 | ഡോൺ ബോസ്കോ കോളേജ്, കൊട്ടിയം, കൊല്ലം | 49 | 1050 |
| 11 | എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ, തിരുവനന്തപുരം | 78 | 1076 |
| 12 | ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, തോട്ടട, കണ്ണൂർ | 68 | 911 |
| 13 | എൻഎംഎസ്എം ഗവണ്മെന്റ് കോളേജ്, കൽപ്പറ്റ | 75 | 421 |
| 14 | സെന്റ് തോമസ് കോളേജ്, റാന്നി | 59 | 409 |
| | **ആകെ എണ്ണം** | **1475** | **8652** |

### 'തൊഴിലരങ്ങത്തേക്ക' – തൊഴിൽ വാഗ്ദാനക്കത്ത് വിതരണവും ആദ്യഘട്ട സമാപനവും – സംസ്ഥാനതല ഉദ്ഘാടനം

'തൊഴിലരങ്ങത്തേക്ക്' പരിപാടിയിലൂടെ ആദ്യഘട്ട പൂർത്തീകരണവും തൊഴിൽ ലഭിച്ചവർക്കുള്ള വാഗ്ദാനക്കത്ത് വിതരണത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം, അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8ന്, തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു അധ്യക്ഷനായ സമ്മേളനത്തിൽ കേരള നോളജ് എക്കണോമി മിഷൻ ഡയറക്ടർ ഡോ. പി. എസ്. ശ്രീകല സ്വാഗതം ആശംസിച്ചു.

തൊഴിൽ മേളയിലൂടെ തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള തൊഴിൽ വാഗ്ദാനക്കത്ത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിതരണം ചെയ്തു. മികച്ച കമ്മ്യൂണിറ്റി അംബാസഡർക്കുള്ള അവാർഡ് വിതരണം പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി നടത്തി. തൊഴിൽ മേളയുടെ ഏകോപനത്തിലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലുമുള്ള പ്രകടനം, തൊഴിൽ മേളയിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടത്തിയ ജില്ല, മികച്ച തൊഴിൽ ദാതാവ് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മികച്ച ജില്ലാ പ്രോഗ്രാം മാനേജർമാർക്കുള്ള അവാർഡുകളും തദവസരത്തിൽ വിതരണം ചെയ്തു. തിരുവനന്തപുരം മേയർ ശ്രീമതി ആര്യ രാജേന്ദ്രൻ മുഖ്യാതിഥിയായിരുന്ന ചടങ്ങിൽ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ ആശംസകൾ





അർപ്പിച്ചു. കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി. വി ഉണ്ണികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. കേരള നോളജ് ഇക്കണോമി മിഷൻ സ്കില്ലിംഗ് ജനറൽ മാനേജർ ശ്രീ. റിയാസ് നന്ദി രേഖപ്പെടുത്തി. കെ-ഡിസ്ക്, അസാപ്, കുടുംബശ്രീ, കെഎഎസ്ഇ, ഐസിടി അക്കാദമി കേരള, എന്നിവിടങ്ങളിൽ നിന്ന് കൂടാതെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെ 450 ഓളം പേർ പരിപാടിയിൽ പങ്കെടുത്തു.

കേരള നോളജ് എക്കണോമി മിഷന്റെ പങ്കാളിത്ത ഏജൻസികൾക്കായി വേദിയിൽ സ്റ്റാളുകൾ ക്രമീകരിച്ചു. കേരള നോളജ് എക്കണോമി മിഷന്റെ ഇതുവരെയുള്ള പ്രവർത്തനത്തിന്റെ ചിത്രപ്രദർശനവും വേദിയിൽ ഒരുക്കിയിരുന്നു.

# പുസ്തക പരിചയം

**ബിജു പരമേശ്വരൻ**

## ബിലോ ദി റഡാർ: ദി അൺറ്റോൾഡ് സ്റ്റോറി ഓഫ് ഹൗ മോഡേൺ മാനുഫാക്ചറിംഗ് ഗ്രൂ ബൈ സ്റ്റെൽത്ത് ഇൻ കേരള'




തന്റെ മുൻഗാമിയിൽ നിന്ന് വ്യത്യസ്തമായി, സംസ്ഥാനത്തിന്റെ ധനമന്ത്രി കെ. എൻ. ബാലഗോപാൽ സാഹിത്യത്തിൽ നിന്നുള്ള ഉദ്ധരണികളോ പരാമർശങ്ങളോ ഒഴിവാക്കി അനലംകൃത ബജറ്റ് പ്രസംഗങ്ങൾക്ക് പേര് കേട്ടയാളാണ്. എന്നിരുന്നാലും, ഈ വർഷം ഫെബ്രുവരിയിലെ ബജറ്റ് അവതരണ വേളയിൽ, സിവിൽ സർവീസിൽ നിന്ന് വ്യവസായ സംരംഭകനായി മാറിയ ചന്ദ്രശേഖർ ബാലഗോപാലിന്റെ ഹ്രസ്വവും എന്നാൽ ഉജ്ജ്വലവുമായ ഒരു പുസ്തകത്തെ അദ്ദേഹം പരാമർശിച്ചത് കൗതുകകരമായി. 'ബിലോ ദി റഡാർ: ദി അൺറ്റോൾഡ് സ്റ്റോറി ഓഫ് ഹൗ മോഡേൺ മാനുഫാക്ചറിംഗ് ഗ്രൂ ബൈ സ്റ്റെൽത്ത് ഇൻ കേരള' എന്ന പുസ്തകം, നിക്ഷേപകർക്ക് അനുകൂലമല്ലാത്ത സ്ഥലമാണ് കേരളം എന്ന പ്രചരണത്തിലെ പല മിഥ്യാധാരണകളെയും തകർക്കാൻ പോന്നതാണ്.

ചെന്നൈയിലെ, ലയോള കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്ര പഠനത്തിന് ശേഷം സി. ബാലഗോപാൽ 1977–ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസസിൽ ചേർന്നു. മണിപ്പൂരിലെയും കേരളത്തിലെയും ആ നാളുകളുടെ ഓർമ്മകൾ അദ്ദേഹത്തിന്റെ മുൻ പുസ്തകങ്ങളായ 'ദി വ്യൂ ഫ്രം കൊല്ലം: എ ഡേ ഇൻ ദ ലൈഫ് ഓഫ് എ സബ് കളക്റ്റർ', 'ഓൺ എ ക്ലിയർ ഡേ, യു കാൻ സീ ഇന്ത്യ' എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1983–ൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ തലവനുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം, ഐഎഎസ് ഉപേക്ഷിച്ച് പെനിൻസുലർ പോളിമർ (പെൻപോൾ) എന്ന ബ്ലഡ് ബാഗുകൾ നിർമ്മിക്കുന്ന കമ്പനി സ്ഥാപിച്ചതാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായി മാറിയത്. പിന്തുണയ്ക്കാൻ ആരുമില്ലാതെ, ബിസിനസ്സിലോ സാങ്കേതിക വിദ്യയിലോ മുൻ പരിചയമോ പാരമ്പര്യമോ ഇല്ലാതെ, വായ്പാ കടങ്ങൾ കുമിഞ്ഞ് കൂടിയിരുന്ന ആ ഒന്നാം തലമുറ സംരംഭകന്റെ ആദ്യ ദശകം പോരാട്ടത്തിന്റെ കാലമായിരുന്നു. പക്ഷേ, ബുദ്ധിമുട്ടേറിയ ആ സാഹചര്യങ്ങളിൽ ശാന്തത പാലിക്കാനുള്ള അപാരമായ കഴിവ് അദ്ദേഹം പ്രകടിപ്പിച്ചു. ആരംഭിച്ച് ഏകദേശം നാൽപ്പത് വർഷങ്ങളാകുമ്പോൾ പെൻപോൾ ലോകമെമ്പാടും സാന്നിധ്യമുള്ള ഒരു അറിയപ്പെട്ട സംരംഭമായി മാറി. ജപ്പാനിലെ ആരോഗ്യ പരിപാലന മേഖലയിൽ പ്രമുഖരായ റ്റെറുമോ കോർപ്പറേഷൻ 1999–ൽ ഈ സംരംഭത്തെ ഏറ്റെടുത്തു. ബാലഗോപാൽ പഠിച്ച ഒരു പ്രധാന പാഠം, അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ, 'നാളെ എന്നത് മറ്റൊരു ദിവസമാണ്' എന്നതാണ്.

റ്റെറുമോ പെൻപോളിന്റെ വിജയത്തെക്കുറിച്ച് മാത്രമല്ല 'ബിലോ ദി റഡാർ...' ൽ പ്രതിപാദിക്കുന്നത്. സംഭവബഹുലമായ ഈ കാലഘട്ടത്തിൽ കേരളത്തിലെ ആധുനിക ഉൽപ്പാദന മേഖലയുടെ ആവിർഭാവത്തിന്റെ ഒരു പരിശോധന കൂടിയാണ് ഈ പുസ്തകം. ചെറുതായി ആരംഭിച്ച്, ഇപ്പോൾ ഒരു അന്താരാഷ്ട്ര തലത്തിൽ പാദമുദ്ര പതിച്ച അമ്പത് നിർമ്മാണ വ്യവസായങ്ങളെ, ബാലഗോപാൽ കണ്ടെത്തുന്നു. സംസ്ഥാനത്ത് തൊഴിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് അംഗീകരിക്കുമ്പോൾ തന്നെ, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടെ ഇതിന് വലിയ മാറ്റം വന്നിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. പെൻപോളിലും ട്രേഡ് യൂണിയനുകൾ ഉണ്ടായിരുന്നു, പക്ഷേ പണിമുടക്കിലൂടെ ഒരു ഉൽപാദന ദിനവും അവർക്ക് നഷ്ടമായില്ല. കേരള മാതൃകയുടെ പരാജയത്തെക്കുറിച്ചുള്ള തെറ്റായ വിവരണങ്ങൾ എങ്ങനെയാണ് പുറത്തുള്ളവർക്കിടയിൽ തെറ്റായ ധാരണ സൃഷ്ടിച്ചതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. കേരളത്തിന്റെ സാക്ഷരതയും ആരോഗ്യപ്രകടനവും ഐതിഹാസികമാണെങ്കിലും കെൽട്രോൺ പോലുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ച മുൻ മുഖ്യമന്ത്രി സി. അച്യുതമേനോനെ പോലെയുള്ള നേതാക്കളുടെ കാഴ്ചപ്പാട് ഈ നാട്ടിലെ ശാസ്ത്ര–ഉൽപ്പാദന വ്യവസായങ്ങൾക്ക് കുതിപ്പ് നൽകി. വിദേശ രാജ്യങ്ങളിൽ നിന്ന്, പ്രത്യേകിച്ച് ഗൾഫിൽ നിന്നുമുള്ള ശക്തമായ വിദേശപണത്തിന്റെ വരവ്, കേരളത്തിലെ വ്യാപാര മേഖലകളെ ശോഷിപ്പിച്ചുവെങ്കിലും ഉൽപ്പാദന മേഖലയുടെ കാര്യത്തിൽ ഡച്ച് ഡിസീസ് സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കപ്പെട്ടു!

നമ്മുടെ നാട്ടിൽ വളർന്ന് വന്ന പീകെ സ്റ്റീൽസ്, സിന്തൈറ്റ് അല്ലെങ്കിൽ ഡെന്റ്കെയർ പോലുള്ള സ്ഥാപനങ്ങൾ ലോകത്തിലെ ഏറ്റവും മികച്ച എഞ്ചിനീയറിംഗ് കമ്പനികളായി മാറിയതെന്നും സംസ്ഥാനത്തെ ആവാസ വ്യവസ്ഥ അവരുടെ അതിശയകരമായ വിജയങ്ങൾ എങ്ങനെ സുഗമമാക്കി എന്നും അറിയാൻ ഈ പുസ്തകം വായിക്കുക. പുസ്തകത്തിന്റെ അവസാന അധ്യായത്തിൽ, ഫെഡറൽ ബാങ്കിന്റെ ചെയർമാൻ കൂടിയായ രചയിതാവ്, മെച്ചപ്പെട്ട പൊതു നയത്തെ സഹായിക്കുന്നതിന് കൂടുതൽ ഗവേഷണത്തിന് ധനസഹായം നൽകേതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറയുന്നു. കിഫ്ബി, കെ–ഡിസ്ക് എന്നീ സ്ഥാപനങ്ങളിലൂടെ വിഭവങ്ങളും പിന്തുണയും നൽകുന്ന സംസ്ഥാന സർക്കാരിന് ട്രിപ്പിൾ ഹെലിക്സിന്റെ മൂന്നാമത്തെ ഇഴയാകാൻ കഴിയുമെന്ന് അദ്ദേഹം ഉപസംഹരിക്കുന്നു. കേരളത്തിന്റെ വ്യാവസായിക പരിവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന നയരൂപകർത്താക്കൾക്കും സംരംഭകർക്കും അക്കാദമിക് വിദഗ്ധർക്കും ഒരു വഴികാട്ടിയായി ഈ പുസ്തകത്തെ മുൻ ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രശംസിച്ചതിൽ അതിശയിക്കാനില്ല.

# കെ-ഡിസ്ക് വാർത്തകളിൽ



## കേരള നോളജ് എക്കണോമി മിഷൻ (കെകെഇഎം)

'ലോകത്തിലെ ഏറ്റവും വലിയ നൈപുണ്യ കേന്ദ്രം' ആകാനാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡിഡബ്ല്യുഎംഎസ്) ലക്ഷ്യമിടുന്നത്. തൊഴിലന്വേഷകർ, തൊഴിൽ ദാതാക്കൾ, നൈപുണ്യം എന്നിവയാണ് ഈ പ്ലാറ്റ്ഫോമിന്റെ മൂന്ന് വ്യത്യസ്ത ഘടകങ്ങൾ. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നതിനായി കേരള സർക്കാർ ആരംഭിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം അടിസ്ഥാനമാക്കിയുള്ള തന്ത്രപ്രധാനമായ ഒരു പരിപാടിയാണ് കേരള നോളജ് എക്കണോമി മിഷൻ.

| | |
|---|---|
| സമാഹരിച്ച ചെയ്ത ഒഴിവുകൾ | 4,83,799 |
| ആകെ നിയമിച്ചവർ | 14,252 |
| തത്സമയ ഒഴിവുകൾ | 41,654 |
| **(2023 മാർച്ച് 31 ലെ കണക്ക്)** | |

KERALA KNOWLEDGE ECONOMY MISSION

**20 LAKH JOBS BY 2026**






### ഇന്നൊവേഷൻ ദിനാഘോഷത്തിന് പിന്നിൽ പ്രവർത്തിച്ചവർ

**വിഷ്ണു പ്രസാദ്**, ജൂനിയർ കൺസൾട്ടന്റ്, കെ-ഡിസ്ക്

**ലക്ഷ്മി കെ. ജെ.**, സീനിയർ പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്

**ബിജു പരമേശ്വരൻ**, കൺസൾട്ടന്റ്, കെ-ഡിസ്ക്

**നൂർജഹാൻ എ.**, ജൂനിയർ കൺസൾട്ടന്റ്, കെ-ഡിസ്ക്

**അനുപമ വി. എ.**, പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്

**കമ്മ്യൂണിക്കേഷൻ ആന്റ് കണ്ടന്റ് മാനേജ്മെന്റ് ടീം പ്രസിദ്ധീകരിക്കുന്നത്**

**ചീഫ് എഡിറ്റർ**
ഡോ. പി. വി. ഉണ്ണികൃഷ്ണൻ
*മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്*

**എഡിറ്റോറിയൽ അഡ്വൈസർ**
ബിജു പരമേശ്വരൻ
*പ്രോഗ്രാം കൺസൾട്ടന്റ്, കെ-ഡിസ്ക്*

**എഡിറ്റോറിയൽ ബോർഡ്**
ലക്ഷ്മി കെ. ജെ
*സീനിയർ പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്*

നൂർജഹാൻ എ.
*ജൂനിയർ കൺസൾട്ടന്റ്, കെ-ഡിസ്ക്*

അനുപമ വി. എ.
*പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്*

K-DISC
Kerala Development and Innovation Strategic Council